കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നമ്പർ - **F5-11903/19** തീയതി-25/05/2021

**സർക്കുലർ നമ്പർ:-08 /2021-22**

വിഷയം-കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്-അൺഅറ്റാച്ചഡ് തൊഴിലാളികൾക്ക് കോവിഡ്-19-രോഗവ്യാപനം-2021-മെയ് ലോക്ക് ഡൗൺ തനത് ഫണ്ടിൽ നിന്നും 1000/- രൂപ പ്രത്യേക ധനസഹായം നൽകുന്നത്-തുടർനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന- 1)തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് സ.ഉ.(സാധാ) നമ്പർ 694/2021/തൊഴിൽ തീയതി 17/05/2021
2)ബഹു: ലേബർ കമ്മീഷണറുടെ 18.05.2021 തീയതിയിലെ ഡബ്ലിയു(1) 3665/2020 നമ്പർ കത്ത്.
3)19/05/2021 തീയതിയിലെ 07/2021-22 നമ്പർ ബോർഡ് സർക്കുലർ.

സൂചന (1) പ്രകാരം സർക്കാർ അനുമതിയോടെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും, 1000/- രൂപ പ്രത്യേക ധനസഹായം നൽകുന്നതിന് സൂചന (3) ബോർഡ് സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

ടി നിർദ്ദേശങ്ങൾക്ക് ശേഷം വീണ്ടും ലോക്ക് ഡൗൺ നീട്ടിയ സാഹചര്യത്തിൽ തൊഴിലാളികളുടെ അപേക്ഷ സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ലിങ്ക് ഐറ്റി.സെക്ഷൻ എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. ടി ലിങ്ക് പൂൾ ലീഡർ മുഖാന്തിരമോ, തൊഴിലാളികൾക്ക് നേരിട്ടോ, കൈമാറി ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കാവുന്നതും ടി അപേക്ഷ സമർപ്പിക്കുന്ന തൊഴിലാളിക്കും ഗ്രാന്റ് അനുവദിക്കാവുന്നതാണ്.

ഓൺലൈൻ മുഖാന്തിരം സമർപ്പിച്ച വിവരങ്ങൾ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. രേഖാമൂലം ലഭിച്ച അപേക്ഷയിലെ വിവരങ്ങൾ അതാത് ഓഫീസിൽ നിന്നും മേൽ ലിങ്കിലേയ്ക്ക് അപ് ലോഡ് ചെയ്യേണ്ടതാണ്.

ഓൺലൈൻ സംവിധാനം സംബന്ധിച്ച് ആവശ്യമായ സാങ്കേതിക സഹായം , സംശയ നിവാരണം എന്നിവയ്ക്ക് ബോർഡ് ഐ.റ്റി.സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

എന്നാൽ ആവശ്യമെങ്കിൽ നിലവിലെ ലോക്ക് ഡൗണുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് അർഹരായ തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്ത ശേഷം അപേക്ഷ ഓൺലൈൻ /ഓഫ് ലൈൻ വാങ്ങി വിവരശേഖരണം പൂർത്തികരിച്ചാൽ മതിയാകുന്നതാണ്.

ലോക്ക് ഡൗൺ അവസാനിച്ച് 10 ദിവസത്തിനകം മേൽ പ്രകാരം ധനസഹായം നൽകിയ എല്ലാ തൊഴിലാളികളുടേയും വിവരങ്ങൾ മേൽ ലിങ്ക് വഴി അപ്പ് ലോഡ് ചെയ്ത്,വിവരശേഖരണം പൂർത്തിയാക്കേണ്ടതും ആയത് അതാത് ചെയർമാൻമാർ ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ബന്ധപ്പെട്ട ചെയർമാൻമാർ എല്ലാ ഓഫീസുകൾക്കും നൽകേണ്ടതാണ്.

ഈ സർക്കുലർ ജില്ലാ കമ്മിറ്റികൾ സബ് ഓഫീസുകളിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്,

1.എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർ,

2.കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്